ഹയർ സെക്കണ്ടറി ജീവനക്കാരുടെ ശമ്പള വിതരണ ഉദ്യോഗസ്ഥന് ഉണ്ടായിരിക്കേണ്ട പൊതുയോഗ്യത

177(2903) ശ്രീ. സി. ടി. അഹമ്മദ് അലി :
ശ്രീ. സി. മോയിൻകുട്ടി :
ശ്രീ. ടി. പി. എം. സാഹിർ : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുവിദ്യാഭ്യാസ (ടി) വകുപ്പ് 23-6-2003-ന് പുറത്തിറക്കിയ 171/2003 ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഹയർ സെക്കന്ററി വിഭാഗത്തിലെ അദ്ധ്യാപക-അദ്ധ്യാപകേതര ജീവനക്കാരുടെ ശമ്പള വിതരണം നടത്തേണ്ടത് ആരാണെന്ന് വ്യക്തമാക്കാമോ ;

(ബി) ശമ്പള വിതരണ ഉദ്യോഗസ്ഥന് ഉണ്ടായിരിക്കേണ്ട പൊതുയോഗ്യതയായ അക്കൗണ്ട് ടെസ്റ്റും മറ്റ് പി.എസ്.സി. അനുശാസിക്കുന്ന ഡിപ്പാർട്ട്മെന്റ് ടെസ്റ്റുകളും പാസ്സാകണമെന്ന നിബന്ധന മേൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ നിയമിക്കപ്പെടുന്ന പ്രിൻസിപ്പാൾമാർക്ക് ബാധകമാണോ ;

(സി) ഉത്തരവിന്റെ നാലാം ഖണ്ഡികയിൽ പറയുന്ന യോഗ്യതയുള്ള സീനിയർ മോസ്റ്റ് ഹയർ സെക്കന്ററി അദ്ധ്യാപകൻ എന്നതിൽ പ്രിൻസിപ്പാൾ നിയമനത്തിന്റെ പ്രത്യേക യോഗ്യത എന്താണെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ശമ്പള വിതരണകാര്യത്തിൽ നിലവിലുള്ള സംവിധാനം തുടരുന്നതിൽ എന്തെങ്കിലും സാങ്കേതിക തടസ്സം ഉണ്ടെന്ന് കാണുന്ന പക്ഷം അപ്പോൾ പരിഹാരം കാണുന്നതാണ്.

(ബി) ഉത്തരം (എ)-യുടെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

(സി) ഹയർ സെക്കന്ററി അദ്ധ്യാപക നിയമനത്തിന് നിയമന സമയത്ത് നിലവിലിരുന്ന വിദ്യാഭ്യാസ യോഗ്യതകളും നിയമന അംഗീകാരം ലഭിച്ച തീയതി മുതലുള്ള സീനിയോറിറ്റിയുമാണ് പ്രിൻസിപ്പാൾ നിയമനത്തിനായി ഉത്തരവ് പ്രകാരം കണക്കാക്കുന്നത്.

ഹയർ സെക്കണ്ടറി ഡയറക്ടറേറ്റിൽ പി. ബി. എക്സ്. ഇ. സംവിധാനം

178 (2904) ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ഹയർ സെക്കണ്ടറി ഡയറക്ടറേറ്റിൽ പി. ബി. എക്സ്. ഇ. സംവിധാനം നിലവിലുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly